നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാന തലത്തിൽ ഒരു ചീഫ് എഞ്ചിനീയറെയും, ഒരു എംപവേർഡ് ഓഫീസറെയും നിയോഗിച്ചിട്ടുണ്ട്. പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി 12 സ്വതന്ത്ര സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ. പദ്ധതികളിലേയ്ക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ മാർക്കറ്റ് വില നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളിലെ ഉദ്യോഗസ്ഥന്മാരുടെ അദ്ധ്യക്ഷതയിൽ കരാറുകാരുടെ യോഗവും പരിശീലനപരിപാടിയും അവലോകനവും സംഘടിപ്പിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ. റോഡുകൾ

7 (1380) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡുകളാണ് പുതുതായി നിർമ്മിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിനായി ലഭിച്ച കേന്ദ്രവിഹിതം എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം 2309.91 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ 627.66 കി.മീ. ദൈർഘ്യം വരുന്ന പുതിയ റോഡുകളും 1682.25 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ നിലവിലുള്ള റോഡുകളെ പുനരുദ്ധീകരിച്ചതുമാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി) ഇതിനായി 861.53 കോടി രൂപ കേന്ദ്രവിഹിതമായി അനുവദിച്ചിട്ടുണ്ട്.

ഹാഡ പദ്ധതി

8 (1381) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്ത്/വില്ലേജുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly